ഖരമാലിന്യസംസ്കരണത്തിന് സംവിധാനം

214 (1632) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കല്യാണ മണ്ഡപങ്ങൾ, ഹോട്ടലുകൾ, ഫ്ലാറ്റുകൾ പൊതുആവശ്യത്തിന് നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവയിൽ ഖരമാലിന്യ സംസ്കരണത്തിന് വേണ്ടി സംവിധാനം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ ;

(ബി) ഈ നടപടിക്രമം പാലിക്കാത്ത സ്ഥാപനങ്ങളുടെ പേരിൽ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കല്യാണ മണ്ഡപങ്ങൾ, ഹോട്ടലുകൾ, ഫ്ളാറ്റുകൾ, പൊതു ആവശ്യത്തിന് നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇവിടങ്ങളിൽ നിന്നുണ്ടാകുന്ന ഖരമാലിന്യം സ്ഥാപനങ്ങളിൽത്തന്നെ സ്വന്തമായി സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റ് മുതലായ സംസ്കരണ സംവിധാനങ്ങളിലൂടെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പൊതുഖരമാലിന്യ സംസ്കരണശാലകൾ വഴിയോ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സമർപ്പിക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികളുടെ പ്രോജക്ട് പരിശോധിച്ച് ശുചിത്വ മിഷൻ വഴി സാങ്കേതികാനുമതിയും അർഹതപ്പെട്ട സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്.

(ബി) ഈ നടപടിക്രമം പാലിക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി നിഷേധിക്കുകയോ സ്ഥാപനം അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുകയോ എന്നിവയാണ് നിയമപ്രകാരം സ്വീകരിച്ചിരിക്കുന്ന നടപടികൾ.

ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതല

215 (1633) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ ചുമതലകളിലും ഉത്തരവാദിത്വങ്ങളിലും ഭേദഗതി വരുത്തി എസ്.സി. എസ്.ടി പദ്ധതികളുടെ നടത്തിപ്പ് ചുമതല കൂടി നല്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരമൊരു തീരുമാനം കൈക്കൊള്ളാനിടയായ സാഹചര്യം എന്താണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly